KERALA POLICE INFORMATION CENTRE
Ph: 0471 2318188     Email: *info.pol@kerala.gov.in*

No.239/PR/PIC/PHQ/18     Date:24.09.2018

## കേരള പോലീസ് ഫോട്ടോ ആർക്കൈവ് ഉദ്ഘാടനം ചെയ്തു

പോലീസ് ഫോട്ടോഗ്രാഫർമാർ എടുക്കുന്ന ഫോട്ടോകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി കേന്ദ്രീകൃത സംവിധാനം - *ഐ ആർക്ക്* - സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്ത് വിവിധ ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചും സംസ്ഥാന തലത്തിലും ഫോട്ടോഗ്രാഫിക് ബ്യൂറോകളുണ്ട്. പോലീസ് ചടങ്ങുകൾ, മറ്റു പരിപാടികൾ തുടങ്ങി വിവിധ സന്ദർഭങ്ങളിൽ എടുക്കുന്ന ഫോട്ടോകൾ ഒരു കേന്ദ്രീകൃത സെർവറിൽ ടാഗ് ചെയ്തു സൂക്ഷിക്കുന്നതിനുള്ള സംവിധാനം സംസ്ഥാന പോലീസ് ഇൻഫർമേഷൻ സെന്ററിനോടനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ച ഈ സംവിധാനം ഏതാനും മാസങ്ങളായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു.

കുറ്റാന്വേഷണത്തിന് മികച്ച പിന്തുണ നൽകുന്ന ഫോട്ടോഗ്രാഫർമാർക്ക് ‘ബാഡ്ജ് ഓഫ് ഓണറി’ന് തുല്യമായ പുരസ്കാരങ്ങളും ഏർപ്പെടുത്തും. ഡിജിറ്റൽ ഫോട്ടോഗ്രാഫിയിൽ നൂതനമായ നിരവധി സാങ്കേതിക മുന്നേറ്റങ്ങൾ അനുദിനം വരുന്നുണ്ട്. എന്നാൽ മികച്ച ഫോട്ടോ എടുക്കുന്നതിന് സാങ്കേതിക സംവിധാനങ്ങളെക്കാളുപരി അറിവും താത്പര്യവുമാണ് പ്രധാനമായി വേണ്ടത്. ഈ ലക്ഷ്യത്തോടെ ഫോട്ടോഗ്രാഫിയിലെ പുതുപ്രവണതകളെ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടി ഫോട്ടോഗ്രാഫർമാർക്കായി നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ പോലീസ് ആസ്ഥാനം ഭരണ വിഭാഗം ഐ.ജി. പി. വിജയൻ, ഭരണ വിഭാഗം ഡി.ഐ.ജി കെ. സേതുരാമൻ, പോലീസ് ഇൻഫർമേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ പി.എസ്. രാജശേഖരൻ, പോലീസ് ആസ്ഥാനം എസ്.പി. കെ.എസ്. വിമൽ, പബ്ലിക് ഗ്രീവൻസസ് എ.ഐ.ജി ജെ. സുകുമാരപിള്ള, സ്പെഷ്യൽ സെൽ എസ്.പി. അജിത്. വി, മോട്ടോർ ട്രാൻസ്പോർട്ട് എസ്.പി. കെ. അജിത്, സ്പെഷ്യൽ ടീം ഡി.വൈ.എസ്.പി രാജ് കുമാർ.ആർ, മറ്റു പോലീസ്

ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

ഫോട്ടോ ആർക്കൈവ് സിസ്റ്റം സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പോലീസ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. ഐ.ജി.പി. പി. വിജയൻ, ഡി.ഐ.ജി. കെ. സേതുരാമൻ , പോലീസ് ഇൻഫർമേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ പി.എസ്. രാജശേഖരൻ എന്നിവർ സമീപം

********************


Kerala Police
KERALA
CONFERENCE